# കൊറോണ വൈറസ് ബാധയിൽ നിന്ന് സംരക്ഷണത്തിനായുള്ള പ്രാർത്ഥന

രോഗികളെ സുഖപ്പെടുത്തുകയും ദുഃഖിതരെ ആശ്വസിപ്പിക്കുകയും ചെയ്യുന്ന കർത്താവേ, കൊറോണ വൈറസ് മൂലം രോഗബാധിതരായിക്കഴിയുന്ന ഞങ്ങളുടെ സഹോദരങ്ങളെ തിരുമുമ്പിൽ സമർപ്പിക്കുന്നു. അവരെ ശുശ്രൂഷിക്കുന്ന ഡോക്ടർമാർ, നേഴ്സുമാർ, ബന്ധുമിത്രാദികൾ എന്നിവരെയെല്ലാം രോഗബാധയിൽനിന്നു സംരക്ഷിക്കുകയും കാത്തുകൊള്ളുകയും ചെയ്യണമേ. രോഗികളോട് ശുശ്രൂഷാ മനോഭാവത്തോടെയും ആത്മധൈര്യത്തോടെയും പെരുമാറുവാനുള്ള കൃപ അവർക്ക് നല്കണമെ. കൊറോണ വൈറസിനെ പ്രതിരോധിക്കുവാനുള്ള മാർഗങ്ങൾ കണ്ടെത്തുവാൻ രാഷ്ട്രത്തലവൻമാരെയും ഭരണാധികാരികളെയും ഡോക്ടർമാരെയും അങ്ങ് സഹായിക്കണമേ.

‘‘മരണത്തിന്റെ നിഴൽവീണ താഴ്വരയിലൂടെയാണ് ഞാൻ നടക്കുന്നതെങ്കിലും അവിടന്ന് കൂടെയുള്ളതിനാൽ ഞാൻ ഭയപ്പെടുകയില്ല’’ (സങ്കീ 23,4) എന്ന് ഉദ്ഘോഷിച്ച സങ്കീർത്തകനോടു ചേർന്ന് ഉറച്ച വിശ്വാസത്തോടും പ്രത്യാശയോടും കൂടെ ഞങ്ങളും അങ്ങയിലാശ്രയിക്കുന്നു. നിനെവെ നിവാസികളെപ്പോലെ അനുതാപവും പ്രായശ്ചിത്തവും വഴി ഞങ്ങളും മാനസാന്തരവഴികളിലൂടെ അങ്ങേപ്പക്കലേക്ക് തിരികെവരുന്നു. ഞങ്ങളുടെ എളിയ പ്രാർത്ഥനകൾ സ്വീകരിച്ച് എല്ലാ വിപത്തുകളിൽ നിന്നും പകർച്ചവ്യാധികളിൽ നിന്നും വിശിഷ്യാ, കൊറോണ വൈറസ് ബാധയിൽ നിന്നും ഞങ്ങളെയും ഞങ്ങളുടെ സഹോദരങ്ങളെയും അങ്ങയുടെ അനന്തമായ കാരുണ്യത്താൽ സംരക്ഷിക്കണമേ. ആമ്മേൻ.

1 സ്വർഗ. 1 ന . 1 ത്രിത്വ.